**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 12.12.2023

# കൈക്കൂലി വാങ്ങുന്നതിനിടയിൽ ഹെൽത്ത് ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ

കോഴിക്കോട് കോർപ്പറേഷനിലെ കാരപ്പറമ്പ് ഹെൽത്ത് ഇൻസ്പെക്ടറായ ഷാജിയെ 1,500/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (12.12.2023) വിജിലൻസ് കൈയോടെ പിടികൂടി.

മലപ്പുറം ജില്ലയിലെ മുറ്റിച്ചിറ സ്വദേശിയായ പരാതിക്കാരൻ കോഴിക്കോട് ജില്ലയിലെ ഈസ്റ്റ് ഹില്ലിൽ ഒരു പലവ്യഞ്ജന കട തുടങ്ങുന്നതിനുള്ള ലൈസൻസിനായി ഒരു മാസം മുമ്പ് കോഴിക്കോട് കോർപ്പറേഷനിൽ അപേക്ഷ കൊടുത്തിരുന്നു. അപേക്ഷ നൽകിയ സമയം ലൈസൻസ് ശരിയാക്കുന്നതിന് കൈക്കൂലി തരണമെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഷാജി പറഞ്ഞിരുന്നു. നവംബർ മാസം 22-ാം തിയതി ലൈസൻസ് ലഭിക്കുന്നതിനുള്ള ഫീസ് കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ അടച്ചു. തുടർന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഷാജി പരാതിക്കാരനെ ഫോണിൽ വിളിച്ച് ലൈസൻസ് ശരിയാക്കുന്നതിന് 5,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ തന്റെ കയ്യിൽ ഇത്രയും കൈക്കൂലി നൽകാനില്ലായെന്നും, സാമ്പത്തിക ബുദ്ധിമുട്ടാണെന്നും അറിയിച്ചതിനെ തുടർന്ന് കൈക്കൂലി തുക 1,500/- രൂപയായി കുറച്ചുനൽകുകയും ചെയ്തു. ഇന്നലെ (11/12/2023) വൈകുന്നേരം ലൈസൻസ് കിട്ടുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറെ വീണ്ടും ഫോണിൽ ബന്ധപ്പെട്ടപ്പോൾ 1,500/- രൂപയുമായി ഇന്ന് ഓഫീസിൽ വരാൻ ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് കോഴിക്കോട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സുനിൽകുമാർ. ഇ-യെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന്

(12.12.2023) ഉച്ച്ക്ക് 01:00 മണിയോടെ പരാതിക്കാരനിൽ നിന്നും 1,500/- രൂപ കൈക്കൂലി വാങ്ങവെ കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടറായ ശ്രീ. രാജേഷ്, ശ്രീ. മൃദുൽ കുമാർ പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. സുനിൽ, ശ്രീ.രാധാകൃഷ്ണൻ, ശ്രീ.ഹരീഷ് കുമാർ എന്നിവരും അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ അനിൽകുമാർ, പോലീസ് ഉദ്യോഗസ്ഥരായ രഞ്ചിത്ത്, ധനേഷ്, ഷൈജിത്ത്, രാഹുൽ എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.